II.ഇ.ബി. XII--കേരള നിയമസഭ/V-13

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 12, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

94 (*421) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതിവികസന വകുപ്പിന്റെ കീഴിലുള്ള 15 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ രണ്ടെണ്ണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഇവയിൽ നാട്ടകം പട്ടികജാതി പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ പണി അന്തിമ ഘട്ടത്തിലാണ്; തിരുവനന്തപുരത്തെ വലിയശാലയിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന് മണ്ണന്തലയിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. പട്ടികജാതി ഹോസ്റ്റലുകളിൽ 5 എണ്ണവും പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ ഒരെണ്ണവും പെൺകുട്ടികളുടേതാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ 4-7-07 വരെ 626 കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. ലഭ്യമായ മാർക്ക്, പഠനസ്ഥല ത്തേയ്ക്ക് വരാനുള്ള ദൂരം, സാമ്പത്തികസ്ഥിതി എന്നീ മാനദണ്ഡങ്ങൾ

അടിസ്ഥാനമാക്കിയാണ് കുട്ടികൾക്ക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നത്. ആകെ 1110 കുട്ടികൾക്ക് നിലവിലുള്ള ഹോസ്റ്റലുകളിൽ പ്രവേശനം നൽകാൻ സാധിക്കും. ഡിഗ്രി/പി.ജി./പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങുന്ന മുറയ്ക്ക് ഹോസ്റ്റലുകളിലെ പ്രവേശനനടപടികൾ പൂർത്തിയാക്കുന്നതാണ്. പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിലുള്ള 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലായി നിലവിൽ 89 കുട്ടികളുണ്ട്. സ്ഥലം ലഭ്യ മാകുകയാണെങ്കിൽ പോസ്റ്റ് മെട്രിക്ഹോസ്റ്റലുകൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതി വികസനവ കുപ്പിന്റെ കീഴിലുള്ള വിവിധ ഹോസ്റ്റലുകളുടെ നവീകരണത്തിനും സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി 2003-2007 കാലയളവിൽ പട്ടികജാതി വികസന വകുപ്പ് 4,27,55,712 രൂപയും 2006-07-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് 4.07 ലക്ഷം രൂപയും ചെലവഴിച്ചു. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ പ്രതിമാസ മെസ്സ് ചാർജ്ജ് 700 രൂപയിൽനിന്നും 900 രൂപയായി വർദ്ധിപ്പി ച്ചിട്ടുണ്ട്. ഓണം, ക്രസ്തുമസ് അവധികാലയളവിൽ ഹോസ്റ്റൽ മെസ്സ് ഇല്ലാതിരിക്കുന്ന സമയത്ത് പ്രതിമാസ മെസ്സ് ചാർജ്ജിന് ആനുപാതികമായി പരമാവധി 12 ദിവസം ദിനബത്ത 30 രൂപ വെച്ച് നൽകുന്നുണ്ട്. ഈ ആനുകൂല്യം 2006-07 മുതൽ പട്ടികവർഗ്ഗ വിഭാഗത്തിനുകൂടി ബാധകമാക്കി. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 90 രൂപയും മറ്റ് കോഴ്സുകളിൽ പഠിക്കുന്നവർക്ക് 65 രൂപയും പോക്കറ്റ് മണി നൽകിവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒ.ബി.സി. വിദ്യാർത്ഥികൾക്കായി ഒരു ഹോസ്റ്റൽ പണിയുന്നതിനുള്ള

നടപടികൾ ആരംഭിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിലെ താമസം, ഭക്ഷണം എന്നിവയിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് പരിഹരിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക സംവിധാനത്തെക്കൊണ്ട് റിവ്യൂ നടത്തിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇത്തരം ഹോസ്റ്റലുകളിൽ സ്ഥിരം വാർഡന്മാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിയെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. 26 എം.ആർ.എസ്. (Model Residential School) ഉൾപ്പെടെ 245 ഹോസ്റ്റലുകളിലായി 14244 കുട്ടികളാണ് ഇപ്പോൾ താമസിച്ചു പഠിക്കുന്നത്. ജലസേചന വകുപ്പിന് ആവശ്യമില്ലാത്ത സ്ഥലം ഈരാറ്റുപേട്ടയിൽ ഉണ്ടെങ്കിൽ അവിടെ എം.ആർ.എസ്. പണിയുന്നതിനുവേണ്ടി ആ സ്ഥലം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിൽ തടസ്സമില്ല എന്ന് ഒരുപചോദ്യത്തിനു മറുപടിയായി ജലവിഭവ വകുപ്പുമന്ത്രി അറിയിച്ചു. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ആൺകുട്ടികൾക്കായി ഒരു ഹോസ്റ്റലും ഇടുക്കി ജില്ലയിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മഞ്ചേശ്വരത്തും കുന്നത്തുമംഗലത്തും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. പ്രീമെട്രിക് ഹോസ്റ്റലുകളിലെ ട്യൂഷൻ അദ്ധ്യാപകർക്കുള്ള അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഹോസ്റ്റൽമുറികളിലെ അനധികൃതകൈയേറ്റം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഹരിജൻ വെൽഫെയർ ഡയറക്ടർ സർപ്രൈസ്

വിസിറ്റ് നടത്തി അത്തരക്കാരെ ചില ഹോസ്റ്റലുകളിൽനിന്ന് പുറത്താക്കിയിട്ടുണ്ട്. ഇനിയും ഇതുപോലുള്ള കേസുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള ഹോസ്റ്റലുകളുടെ പരിപൂർണ്ണ ഉത്തരവാദിത്വം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണെന്നും അവരുടെ എസ്.സി.പി./ടി.എസ്.പി. ഫണ്ട് ഭാവനാപൂർണ്ണമായി വിനിയോഗിക്കുന്നില്ലെങ്കിൽ ആ കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ ഉദ്യോഗസ്ഥരേയും മേയറെയും വിളിച്ചു ചേർത്ത് പ്രശ്നം പരിഹരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

95 (*422) <u>വന്യമൃഗങ്ങളുടെ സംരക്ഷണം</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): നൽകിയ മറുപടിയിൽ, വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചു.

വനവും വന്യജീവി സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി കേരളത്തിലെ വനമേഖലയിൽ നിലവിലുള്ള 5 ദേശീയോദ്യാനങ്ങൾ, 2 പക്ഷി സങ്കേതങ്ങൾ, 11 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയ്ക്കു പുറമെ മൂന്നാർ മേഖലയിലെ നീലക്കുറിഞ്ഞിയുൾപ്പെടെയുള്ള ജൈവ വൈവിധ്യ സംരക്ഷണത്തിനായി ഒരു കുറിഞ്ഞിമല സാങ്ചറിയും മയിലുകളുടെ സംരക്ഷണത്തിനായി ചൂലന്നൂർ കേന്ദ്രമാക്കി ഒരു മയിൽ സംരക്ഷണ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതു കൂടാതെ നിലവിലുള്ള സൈലന്റ് വാലി ദേശീയോദ്യാനത്തിന് ഒരു ബഫർസോണും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

വരയാടുകളുടെ സംരക്ഷണത്തിനു വേണ്ടി മൂന്നാർ കേന്ദ്രമാക്കി ഇരവികുളം ദേശീയോദ്യാനം രൂപീകരിച്ചു സംരക്ഷിച്ചുവരുന്നു.

കടുവകളുടെ സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് പെരിയാർ കടുവാ സങ്കേതവും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. രണ്ടാമതൊരു കടുവാ സങ്കേതം പറമ്പിക്കുളം കേന്ദ്രമാക്കി രൂപീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ആനകളുടെ സംരക്ഷണത്തിനുവേണ്ടി 4 എലിഫന്റ് റിസർവ്വുകൾ രൂപീകരിച്ച് സംരക്ഷണം നടത്തി വരുന്നു.

അവയുടെ സൈ്വരമായ വിഹാരത്തിനുവേണ്ടി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുത്ത് വനത്തോട് ചേർത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിന് തടയണകൾ നിർമ്മിച്ചും, ജലസ്രോതസ്സുകൾ സംരക്ഷിച്ചും, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും ഒലട്ടി, മുള, ഫലവൃക്ഷങ്ങൾ മുതലായവ വച്ചു പിടിപ്പിച്ചും മൃഗങ്ങൾക്കുള്ള ആഹാര ലഭ്യത വർദ്ധിപ്പിക്കുന്നു.

കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

മൃഗവേട്ടയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ഇൻഡ്യൻ വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാന വനം മന്ത്രിമാരുടെ യോഗം വിളിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നു.

അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും, വൈൽഡ്ലൈഫ് വാർഡന്മാരും സംരക്ഷണസംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

വനസംരക്ഷണം, വന്യജീവി സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ചും കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി നടത്താതിരിക്കുന്നതിനെക്കുറിച്ചും പൊതുജനങ്ങളിലും കൃഷിക്കാർ ക്കിടയിലും വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗവേട്ടയുമായി ബന്ധപ്പെട്ട് 135 കേസ്സുകൾ രജിസ്റ്റർ ചെയ്ത് മുന്നൂറോളം ആളുകളെ പ്രതികളാക്കപ്പെട്ടിട്ടുണ്ട്. കടുവ, ആന, വരയാട്, സിംഹവാലൻകുരങ്ങ്,

കൂരമാൻ, കരിങ്കുരങ്ങ്, കരടി, കാട്ടുപോത്ത്, മലയണ്ണാൻ, വെരുക്, മരനായ, പുലി, ചാമ്പൽമലയണ്ണാൻ, കുട്ടിത്തേവാങ്ക്, നീർനായ, കീരി, പാറാൻ, മീൻപിടിയൻപൂച്ച എന്നവയാണ് കേരളത്തിലെ വനങ്ങളിൽ വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങൾ. വന്യജീവികൾ നാട്ടിൽ ഇറങ്ങുന്നത് തടയുന്നതിനായി കാട്ടുമൃഗങ്ങളെ അകറ്റി നിർത്താനുപകരിക്കുന്ന കിടങ്ങുകളും, വൈദ്യുതി കമ്പിവേലികളും മതിലുകളും നിർമ്മിക്കുകയും സാദ്ധ്യമായ അവസരങ്ങളിൽ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിവരുന്ന മൃഗങ്ങളെ ജനപങ്കാളിത്തത്തോടെ തിരിച്ചോടിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് കൃഷിയിടങ്ങളിലേയ്ക്കുള്ള സഞ്ചാരം പരിമിതപ്പെടുത്തുന്നതിനായി ആനത്താര പദ്ധതിയിൻകീഴിൽ സ്വകാര്യസ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നുണ്ട്. ഉൾവനങ്ങളിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളായ കള്ളവാറ്റും, കഞ്ചാവു കൃഷിയും, കാട്ടുതീയും തടയുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പിന്റെ സഹായത്തോടെ നടത്തിയ റെയ്ഡുകളിൽ 7 പുലിത്തോലുകളും 5 കടുവത്തോലുകളും പിടിച്ചെടുക്കുകയും ഇതുപോലുള്ള വനവിധ്വംസക മാഫിയാ സംഘങ്ങളെ നിയമത്തിന്റെമുമ്പിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഏറ്റവും പുതിയ കണക്കുകൾപ്രകാരം കേരളത്തിൽ 71 കടുവകൾ ഉണ്ടെന്ന് മന്ത്രി വ്യക്തമാക്കി. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ കേന്ദ്രങ്ങൾക്കെതിരെ Central Zoo Authority of India കർശന നിലപാട് സ്വീകരിച്ചിട്ടുണ്ടെന്നും അത് കേരളത്തിനും ബാധകമാണെന്നും ഉപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ Kerala Forest Research Institute ആണ് കാട്ടുമൃഗങ്ങളുടെ കണക്കെടുക്കുന്നത്. അവരോട് സഹകരിച്ചുപ്രവർത്തിക്കാൻ ജനപ്രതി നിധികൾ തയ്യാറാണെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കു ന്നതാണ്.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

96 (*433) സമ്പൂർണ്ണ വൈദ്യുതീകരണം

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ 2012-ഓടുകൂടി കേരളത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്നറിയിച്ചു.

97 (*448) ചന്ദന മാഫിയകളെ അമർച്ച ചെയ്യുന്നതിന് കൈക്കൊണ്ട നടപടികൾ

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ചന്ദന മാഫിയകളെ അടിച്ചമർത്തുന്നതിന് ചന്ദന റിസർവ്വുകളെ ചെറിയ ബ്ളോക്കുകളായി തിരിച്ച് ജീവനക്കാരേയും കൂടുതൽ ദിവസക്കൂലി വാച്ചർമാരേയും വിന്യസിച്ച് പകലും രാത്രിയും വനസംരക്ഷണം ഉറപ്പുവരുത്തുന്നതുകൂടാതെ വി.എസ്.എസ്. അംഗങ്ങളുടെ സേവനവും ഉപയോഗിക്കുന്നുണ്ടെന്നറിയിച്ചു. ജീവനക്കാർക്ക് കൂടുതൽ ആയുധവും ആധുനിക വാർത്താ വിനിമയ ഉപകരണങ്ങളും നൽകുന്നതിനും തമിഴ്നാട് വനംവകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് സംസ്ഥാന അതിർത്തിയിലൂടെയുള്ള ചന്ദനക്കടത്ത് തടയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ഫോറസ്റ്റ്, പോലീസ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംസ്ഥാനാന്തര കുറ്റവാളികളെ പിടികൂടുന്നുണ്ട്. മറയൂരിലെ

ചന്ദന റിസർവ്വുകളെ ചെറിയ പ്രൊട്ടക്ഷൻ ബ്ളോക്കുകളായി തിരിച്ച് ഫോറസ്റ്റ് ഉദ്യോഗസ്ഥരുടേയും വാച്ചർമാരുടേയും സഹായത്താൽ പട്രോളിംഗ് ശക്തമാക്കി രാത്രിയും പകലും നിരീക്ഷണം നടത്തിവരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. രണ്ട് ചന്ദന റിസർവ്വുകളിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നിൽക്കൂടുതൽ ചന്ദനക്കേസിൽ പ്രതികളായവരെ ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനായി പോലീസ് അധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

98 (*450) വൺ റാങ്ക് വൺ പെൻഷൻ

ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ പെൻഷണർ അവസാനം വാങ്ങിയ ശമ്പളത്തിന്റെ പുതുക്കിയ നിരക്കിന്റെ 50% പെൻഷൻ എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളക്കമ്മിഷൻ ശുപാർശയനുസരിച്ച് 1.4.2005 മുതൽ മുൻകാലപ്രാബല്യത്തോടെ പെൻഷൻ നൽകിവരുന്നുണ്ടെന്നറിയിച്ചു. പെൻഷൻ ബുക്ക് നിലവിൽ വരുന്നതിനുമുമ്പ് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വിവരങ്ങൾ ശേഖരിക്കു ന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് പെൻഷൻ റീഫിക്സ് ചെയ്ത് വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന് കാരണം. പെൻഷൻ പരിഷ്ക്കരണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ഉദ്യോഗസ്ഥരുമായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ഇടയ്ക്കിടെ ചർച്ചകൾ നടത്താറുണ്ട്. പ്രസ്തുത ജോലിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1990-നു മുമ്പ് വിരമിച്ചവരുടെ

പെൻഷൻ പരിഷ്ക്കരണം സെപ്റ്റംബറിനകവും അതിനുശേഷം വിരമിച്ചവരുടേത് ഈ വർഷം അവസാനത്തോടെയും പൂർത്തീകരിക്കാനാവുമെന്ന് അക്കൗണ്ടന്റ് ജനറൽ ഉറപ്പുനൽകിയിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

157 (3282) <u>പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച വീടുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപ വിനിയോഗിച്ച് 262 വീടുകളും, കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് 2006-07-ൽ 1111 വീടുകളും അനുവദിച്ചിട്ടുണ്ട്. 2007-08-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 2 കോടി രൂപ പ്രസ്തുത പദ്ധതി നടത്തിപ്പിനായി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

158 (3291) <u>പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള സ്വയംതൊഴിൽ പദ്ധതി</u>

പട്ടികജാതിക്കാർക്കു വേണ്ടിയുള്ള സ്വയംതൊഴിൽപദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം 163.26 ലക്ഷം രൂപയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാന്തിരം 562.31 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

159 (3308) <u>പട്ടികവർഗ്ഗ കോളനികളിൽ സൗജന്യ വൈദ്യുതീകരണം</u>

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി 68 പട്ടിക വർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും വൈദ്യുതിബോർഡിനു നൽകിയതിനു പുറമെ. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്ന് 4.13 കോടി രൂപയും നൽകിയിട്ടുണ്ട്. ഇനിയും 1895 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കാൻ ബാക്കിയുള്ള സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന

വകുപ്പിന്റെ കോർപ്പസ് ഫണ്ട്, തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി ഗ്രാന്റ്-ഇൻ-എയ്ഡ് തുക, എം.എൽ.എ., എം.പി., പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ നിന്നും ഒരു വിഹിതവും വൈദ്യുതീകരണത്തിന് ഉപയോഗിക്കുന്നതാണ്.

160 (3315) <u>കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി</u>

സംസ്ഥാനത്ത് പീക്ക് സമയത്ത് 2742 MW വൈദ്യുതി ആവശ്യമുണ്ടെങ്കിലും 1046 MW വൈദ്യുതിയാണ് കേന്ദ്രവിഹിതമായി ലഭിച്ചുകൊണ്ടിരിക്കുന്നത് ഇതിൽ 2006 ഡിസംബർ, 2007 ജനുവരി, ഏപ്രിൽ മാസങ്ങളിൽ 168 MW വൈദ്യുതിയുടെ കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുന്നതുമൂലം വൈദ്യുതി ലഭ്യതയിലുണ്ടാകുന്ന കുറവ് നേരിടുന്നതിന് കേരളത്തിലെ വിലകൂടിയ താപവൈദ്യുത നിലയങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചുവരുന്നു.

161 (3322) <u>2006-07-ൽ വൈദ്യുതി രംഗത്തെ നേട്ടങ്ങൾ</u>

2006-07-ൽ വൈദ്യുതി ഉൽപ്പാദനരംഗത്ത് 7.55 മെഗാവാട്ട് സ്ഥാപിതശേഷി കൂട്ടിച്ചേർക്കുകയും പ്രസരണമേഖലയിൽ അഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകൾ, മൂന്ന് 66 കെ.വി. സബ് സ്റ്റേഷനുകൾ, പതിനാല് 33 കെ.വി. സബ്സ്റ്റേഷനുകൾ എന്നിവയും താഴെപ്പറയുന്ന അനുബന്ധ ലൈനുകളും പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| 110.കെ.വി.ലൈൻ | -40.324 കി.മീ. |
| 66 കെ.വി. ലൈൻ | -15.137 കി.മീ |
| 33 കെ.വി. സിങ്കിൾ സർക്യൂട്ട് ലൈൻ | -125.649 കി.മീ. |

കൂടാതെ വിതരണ മേഖലയിൽ 4,78,745 പുതിയ കണക്ഷനുകൾ നൽകുകയും 2124 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 1819.97 കി.മീ. 11 കെ.വി. ലൈനും, 8225.5 കി.മീ എൽ.ടി. ലൈനും വലിക്കുകയും ചെയ്തിട്ടുണ്ട്.

162 (3343) <u>വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

വൈദ്യുതി വിതരണം ചെയ്ത വകയിൽ 31.3.2007 വരെ 1670.91 കോടി രൂപ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്. പ്രസ്തുത കണക്കുപ്രകാരം സ്വകാര്യ കമ്പനികളിൽനിന്ന് 663.304 കോടി രൂപയും ഗവണ്മെന്റ് സ്ഥാപനങ്ങളിൽ നിന്ന് 148.17 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 838.17കോടി രൂപയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയുണ്ട്. ഇത്തരത്തിലുള്ള തുക പിരിച്ചെടുക്കുന്നതിനായി ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, ഡിസ്മാന്റിൽ ചെയ്യൽ, റവന്യൂ റിക്കവറി നടപ്പാക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നതുകൂടാതെ 12 ശതമാനം പലിശയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും 18 ശതമാനം പലിശയിൽ തവണ വ്യവസ്ഥയും നിലവിലുണ്ട്.

163 (3352) <u>വൈദ്യുതി മോഷണം</u>

സംസ്ഥാനത്ത് നടക്കുന്ന വൈദ്യുതി മോഷണം തടയുന്നതിന് ബോർഡിൽ ഐ.ജി.പി.. (Inspector General of Police) യുടെ നേതൃത്വത്തിൽ പ്രത്യേക ആന്റി പവർ തെഫ്റ്റ് വിഭാഗം പ്രവർത്തിക്കുന്നു. തിരുവനന്തപുരം, ആലുവ,കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് ഡെപ്യൂട്ടി ചീഫ് എൻജിനിയർമാരുടെ ഓഫീസും എക്സിക്യൂട്ടീവ് എൻജിനിയർമാരുടെ

നിയന്ത്രണത്തിൽ മൂന്നു റീജിയണൽ യൂണിറ്റും 8 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും ഓരോ സ്ക്വാഡ് എന്ന നിലയിൽ പ്രവർത്തിക്കുവാൻ പുതുതായി നാലു സ്ക്വാഡുകൾ കൂടി പ്രവർത്തനക്ഷമമാക്കാനുള്ള ഊർജ്ജിത നടപടികൾ നടന്നുവരുന്നു. കൂടാതെ സെക്ഷൻ ഓഫീസുകളിലെ മീറ്റർ റീഡർ, സബ് എൻജിനിയർ, അസിസ്റ്റന്റ് എൻജിനിയർ എന്നിവർ നടത്തുന്ന പരിശോധനയ്ക്കുപുറമെ ഡിവിഷൻ തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സർപ്രൈസ് ഇൻസ്പെക്ഷനുകൾ നടത്തിവരികയും മിന്നൽ പരിശോധന ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2006-ൽ 2635 വൈദ്യുതിമോഷണക്കേസ്സുകളാണ് കണ്ടെത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തികവർഷം വൈദ്യുതി മോഷണവും ക്രമക്കേടുകളും സംബന്ധിച്ച് തീർപ്പാകാതെ കിടക്കുന്ന 47 കേസ്സുകളിൽ ആവശ്യമായ തീർപ്പാക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

164 (3369) <u>കടബാദ്ധ്യത</u>

2007 മേയ് 31 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത 49225.98 കോടി രൂപയും 2006-07-ൽ വിവിധ വായ്പകൾക്കുവേണ്ടിയുള്ള പലിശച്ചെലവ് 4375.27 കോടി രൂപയുമാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും, വരുമാനം വർദ്ധിപ്പിച്ചും, പദ്ധതിയേതര ചെലവുകൾ ചുരുക്കിയും ഉയർന്ന പലിശ നിരക്കിലുള്ള മുൻകാല ബാദ്ധ്യതകൾ കൊടുത്തുതീർത്തും, കടബാദ്ധ്യതയും പലിശയിനത്തിലുള്ള ബാദ്ധ്യതകളും കുറച്ചുകൊണ്ടുവരുന്നതിന് നടപടികളെടുത്തിട്ടുണ്ട്. 12-ാം ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്ത ഡെറ്റ് കൺസോളിഡേഷൻ സൗകര്യം പ്രയോജനപ്പെടുത്തിയതുവഴി

പലിശയിനത്തിലെ ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുള്ളതിനു പുറമെ പബ്ളിക് അക്കൗണ്ടിലെ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

165.(3386) 'വാറ്റ്' നടപ്പിലാക്കിയത് വഴി ലഭിച്ച വരുമാനം

സംസ്ഥാനത്ത് 'വാറ്റ്' നടപ്പിലാക്കിയത് വഴി 2006 ജൂൺ 30 വരെ 1011.01 കോടി രൂപ വാറ്റും 761.10 കോടി രൂപ വാറ്റിതര നികുതിയും, ഈ സാമ്പത്തിക വർഷം ജൂൺ 30 വരെ 1212.67 കോടി വാറ്റും 817.29 കോടി രൂപ വാറ്റിതര നികുതിയും പിരിഞ്ഞുകിട്ടി. വാറ്റ് വർദ്ധനവ് 201.66 കോടി രൂപയും വാറ്റിതര നികുതി വർദ്ധനവ് 56.19 കോടി രൂപയുമാണ്. വാണിജ്യ നികുതിയിൽ മൊത്തം 257.85 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

166 (3402) മൽസ്യകയറ്റുമതിയിലൂടെ ലഭിച്ച തുക

മൽസ്യകയറ്റുമതിയിലൂടെ സംസ്ഥാനത്തിന് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ലഭിച്ച തുക താഴെ കൊടുത്തിരിക്കുന്നു.

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2004-05 | 115742 |
| 2005-06 | 125765 |
| 2006-07 | 152022 |
| 2007-08(ലക്ഷ്യമിട്ടിരിക്കുന്നത്) | 173500 |

167 (3408) ഫിഷ് ലാന്റിംഗ് സെന്ററുകൾ

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 38 ഫിഷ് ലാന്റിംഗ് സെന്ററുകളാണ് നിലവിലുള്ളത്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ അർത്തുങ്കലിലും എറണാകുളം ജില്ലയിലെ

ചെല്ലാനത്തും അഞ്ചുകോടി രൂപയ്ക്കുള്ള ലാന്റിംഗ് സെന്ററുകളും കാസർഗോഡ് ജില്ലയിലെ ബേക്കലിൽ ഒരു ലാന്റിംഗ് സെന്ററും നിർമ്മിക്കാനുദ്ദേശിക്കുന്നു.

168 (3420) 'വനവികാസ്' ഏജൻസികൾ

സംസ്ഥാനത്ത് 24 വനവികസന ഏജൻസികൾ പ്രവർത്തിക്കുന്നു. ഇതിനാവശ്യമായ ചെലവുകൾ വഹിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ഫണ്ടുകൾ ലഭിക്കുന്നുണ്ട്.